**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1597 03.05.2017-ൽ മറുപടിക്ക്**

**ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തിക**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.കെ. ശശീന്ദ്രൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞു കിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) ജനറൽ ആശുപത്രി, കൽപ്പറ്റ: സൂപ്രണ്ട്-1, കൺസൾട്ടന്റ് (ജനറൽമെഡിസിൻ) -1, ജൂനിയർ കൺസൾട്ടന്റ്-1.<br>ടി.എച്ച്.ക്യൂ.എച്ച്. വൈത്തിരി: ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) -1<br>സി.എച്ച്.സി തരിയോട്: സിവിൽ സർജൻ-1<br>പി.എച്ച്.സി, വാഴവറ്റ: അസിസ്റ്റന്റ് സർജൻ-1<br>കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നഴ്സുമാരുടെ ഒഴിവുകൾ നിലവിലില്ല. |
| (ബി) തസ്തികകളിൽ നിയമനം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) സ്ഥാനക്കയറ്റം നൽകി നിയമിക്കേണ്ട സൂപ്രണ്ട്, കൺസൾട്ടന്റ് തസ്തികകളിലുള്ള ഒഴിവുകളിലേയ്ക്ക് ഡി.പി.സി. യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് അംഗീകരിക്കുന്ന മുറയ്ക്ക് ഡോക്ടർമാരെ നിയമിക്കുന്നതിനും, അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്ക് പി.എസ്.സി.ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിനുമുള്ള നടപടികളും, സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഓപ്റ്റ് ചെയ്ത ഡോക്ടർമാരിൽ നിന്ന് ജൂനിയർ കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) എത്ര ഡോക്ടർമാർ വയനാട് ജില്ലയിൽ നിന്നും വിദേശത്തും സ്വദേശത്തും ജോലി ചെയ്യുവാനായി ശൂന്യവേതന അവധിയിൽ ഉണ്ട്? | (സി) വയനാട് ജില്ലയിൽ ശൂന്യവേതന അവധിയിൽ ആരും ഇല്ല. |

സെക്ഷൻ ഓഫീസർ